പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1583 | 14.06.2013 ൽ മറുപടിയ്ക്ക് |

**അംഗനവാടികളുടെ നവീകരണവും കെട്ടിട നിർമ്മാണവും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് അംഗനവാടികൾക്ക് കെട്ടിടം പണിയുന്നതിനും നവീകരിക്കുന്നതിനും എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട് ; വിശദമാക്കുമോ ; | (എ) അംഗൻവാടികൾക്ക് കെട്ടിടമുൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ട ചുമതല ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. അംഗൻവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിലേയ്ക്ക് 3 പദ്ധതികളാണ് നിലവിലുള്ളത്.<br>(1) <u>മാതൃകാ അംഗൻവാടി പദ്ധതി</u><br>ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ 140 നിയോജക മണ്ഡലങ്ങളിൽ സ്വന്തമായി 10 സെന്റ് സ്ഥലവും എം.എൽ.എ യുടെ ഫണ്ടും ഉൾപ്പെടെ ലഭ്യമാക്കുന്ന മുറയ്ക്ക് നിലവിലുള്ള അംഗനവാടിയെ മാതൃകാ അംഗൻവാടിയായി ഉയർത്തുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ടി പദ്ധതി.<br>(2) <u>നബാർഡ്- ആർ.ഐ.ഡി.എഫ് പദ്ധതി</u><br>നബാർഡ് - ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം സ്വന്തമായി കെട്ടിടം നിർമ്മിക്കുക, കാലപ്പഴക്കം കൊണ്ട് പൊളിഞ്ഞുവീഴാറായവ പുനർനിർമ്മിക്കുക എന്നിങ്ങനെയുള്ള 700 അംഗൻവാടികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആണ് ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്.<br>(3) <u>സ്റ്റേറ്റ് പ്ലാൻ ഫണ്ട്</u><br>സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി എല്ലാ വർഷവും അംഗൻവാടി നിർമ്മാണത്തിന് ഫണ്ട് അനുവദിക്കാറുണ്ട്. |

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ മലപ്പുറം ജില്ലയിൽ ഏതെല്ലാം അംഗനവാടികളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്; | (ബി) മാതൃകാ അംഗൻവാടി കെട്ടിട നിർമ്മാണത്തിനായി മലപ്പുറം ജില്ലയിൽ നിന്നും നാളിതുവരെ ചുവടെ ചേർക്കുന്ന അംഗൻവാടികളെ തിരഞ്ഞെടുത്തിട്ടുണ്ട്.<br>1. വണ്ടൂർ പഞ്ചായത്ത് AWC No. 77<br>2. ആലിപ്പറമ്പ് പഞ്ചായത്ത് AWC No. 39<br>3. മങ്കട പഞ്ചായത്ത് AWC No. 6<br>4. ഊരകം പഞ്ചായത്ത് AWC No. 90<br>5. കുറ്റിപ്പുറം പഞ്ചായത്ത് AWC No. 111<br>6. എടവണ്ണ പഞ്ചായത്ത് AWC No. 117<br>7. കൊണ്ടോട്ടി പഞ്ചായത്ത് AWC No. 58<br>8. തേഞ്ഞിപ്പാലം AWC No. 12<br>9. പരപ്പനങ്ങാടി AWC No. 8<br>10. വെട്ടം ഗ്രാമപഞ്ചായത്ത് AWC No. 101<br>11. പുക്കോട്ടൂർ ഗ്രാമപഞ്ചായത്ത് AWC No.73<br>12. ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത്AWC No.83<br>13. ആലക്കോട് ഗ്രാമപഞ്ചായത്ത്<br>14. എടക്കര ഗ്രാമപഞ്ചായത്ത്<br><br>സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷത്തിൽ ചുവടെ ചേർക്കുന്ന അംഗൻവാടികളുടെ നിർമ്മാണ പ്രവർത്തനത്തിന് അനുമതി നൽകിയിട്ടുണ്ട്.<br>1. കാവന്നൂർ പഞ്ചായത്ത് AWC No.143<br>2. കുഴിമണ്ണ പഞ്ചായത്ത് AWC No.71<br>3. പുൽപ്പറ്റ പഞ്ചായത്ത് AWC No.108<br>4. കുറ്റിപ്പുറം പഞ്ചായത്ത് AWC No.78<br>5. മാറക്കര പഞ്ചായത്ത് AWC No.56<br>6. കോടൂർ AWC No.96<br>7. നന്നം മുക്ക് AWC No.29<br>8. തിരുനാവായ AWC No.108<br>9. തിരുനാവായ AWC N o.126 |

| | |
|---|---|
| | 10. പുറഞ്ഞൂർ AWC No.62<br>11. പരപ്പറ്റ AWC No.13<br>നബാർഡ് -ആർഐഡിഎഫ് പദ്ധതി-<br>നബാർഡ് -ആർഐഡിഎഫ് പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിൽ നിന്നും എം.എൽ.എ മാർ ശുപാർശ ചെയ്തിട്ടുളള 91 അംഗൻവാടികളിൽ എല്ലാ രേഖകളും ലഭ്യമായിട്ടുളളത് 36 എണ്ണത്തിനാണ്. എല്ലാത്തിനും വ്യക്തമായ രേഖകൾ (Ownership, possession/Panchayath resolution) ലഭ്യമാകുന്ന മുറയ്ക്ക് നബാർഡ് -ആർഐഡിഎഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) കെട്ടിടം പണിയുന്നതിനും , നവീകരിക്കുന്നതിനുമായി വിവിധ പദ്ധതിയിൻ കീഴിൽ ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം അംഗനവാടികളുടെ അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; ആയതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (സി) മാതൃകാ അംഗൻവാടി പദ്ധതിയിൽ ഏറനാട് നിയോജകമണ്ഡലത്തിൽ നിന്നും എടവണ്ണ ഗ്രാമപഞ്ചായത്ത് അംഗൻവാടി സെന്റർ നമ്പർ 117-നെ മാതൃകാ അംഗൻവാടിയായി ഉയർത്താൻ അനുമതി നൽകിയിട്ടുണ്ട്.<br>നബാർഡ് -ആർഐഡിഎഫ് പദ്ധതിയിൽ ചുവടെ ചേർക്കുന്ന അംഗൻവാടികളെ ഉൾപ്പെടുത്താൻ പ്രപ്പോസൽ ലഭിച്ചിട്ടുണ്ട്.<br>1. അരീക്കോട് AWC No.28<br>2. ഉർഗത്തിരി AWC No.82,86<br>3. എടവണ്ണ AWC No.129<br>4. കീഴുപറമ്പ AWC No.51<br>5. ചാലിയാർ AWC No.53 |

സെക്ഷൻ ഓഫീസർ